Deshabhimani 18-09-18, P-03



# പ്രളയബാധിതരെ സഹായിക്കാൻ കാർഷിക സർവകലാശാല വീഡിയോ



പ്രളയ ബാധിതരായ കർഷകരെ സഹായിക്കാൻ കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് തയ്യാറാക്കിയ വീഡിയോകൾ വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു പ്രകാശനം ചെയ്യുന്നു

**വിളകളെ ബാധിക്കുന്ന കീട, രോഗ ബാധകൾ ചെറുക്കുന്നതിനും മണ്ണു സംരക്ഷണത്തിനുമായുള്ള പ്രായോഗിക മാർഗ നിർദേശങ്ങളാണ് വീഡിയോകളിലുള്ളത്**

**തൃശൂർ**

പ്രളയ ബാധിത പ്രദേശങ്ങളിലെ വിള സംരക്ഷണത്തിന് കർഷകരെ സഹായിക്കാൻ കാർഷിക സർവകലാശാല വീഡിയോ പുറത്തിറക്കി. വിളകളെ ബാധിക്കുന്ന കീട, രോഗ ബാധകൾ ചെറുക്കുന്നതിനും മണ്ണു സംരക്ഷണത്തിനുമായുള്ള പ്രായോഗിക മാർഗ നിർദേശങ്ങളാണ് സർവകലാശാലാ വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് തയ്യാറാക്കിയ പത്ത് വീഡിയോകളിലുള്ളത്.

സർവകലാശാലാ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു പ്രകാശനം ചെയ്തു. സർവകലാശാലാ കേന്ദ്രങ്ങളിലെ ഹെൽപ് ഡസ്കുകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ആരംഭിച്ച വിളസംരക്ഷണ പരിശീലന വാരത്തിലും പങ്കെടുക്കാൻ കഴിയാത്ത കർഷകർക്കും ശാസ്ത്രീയ സമീപനങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനാണ് വീഡിയോകൾ പുറത്തിറക്കിയതെന്ന് വി സി പറഞ്ഞു.

വീഡിയോകളും ശാസ്ത്രീയ മാർഗ നിർദേശങ്ങൾ അടങ്ങിയ ലഘു ലേഖകളും സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപകമായി എത്തിക്കാനാണ് ശ്രമിക്കുന്നതെന്ന് വിജ്ഞാനവ്യാപന ഡയറക്ടർ ഡോ. ജിജു പി അലക്സ് പറഞ്ഞു.

സർവകലാശാലാ ഭരണ സമിതിയംഗം ഡോ. എ അനിൽകുമാർ, രജിസ്ട്രാർ ഡോ. പി എസ് ഗീതക്കുട്ടി, ഗവേഷണ ഡയറക്ടർ ഡോ. പി ഇന്ദിരാദേവി, കമ്യൂണിക്കേഷൻ സെന്റർ മേധാവി ഡോ. ബി പി ബോണി, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മേധാവി ഡോ.എസ ഹെലൻ എന്നിവർ സംസാരിച്ചു.